# മദ്യവിമുക്ത മഹല്ലുകൾ പിറക്കട്ടെ

**മദ്യത്തിന്റെ** സ്വാധീനം അനിയന്ത്രിതമായ രീതിയിൽ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. മുതിർന്നവരും യുവാക്കളും മാത്രമല്ല വിദ്യാർഥികൾ പോലും മദ്യപാനികളാകുന്നു.

എന്തുകൊണ്ട് മദ്യപാനം അനിയന്ത്രിതമായ നിലയിൽ വളരുന്ന തലമുറയെ ബാധിക്കുന്നു? ഇസ്‌ലാം കർശനമായി നിരോധിച്ച മദ്യം യാതൊരു മടിയും കൂടാതെ മുസ്‌ലിംകളിൽ ചിലർ ഉപയോഗിക്കാൻ കാരണമെന്ത്? ആഴത്തിൽ ചിന്തിക്കേണ്ട വിഷയമാണിത്.

ഒരു ക്ലബ്ബ് ഭാരവാഹികളുടെ സ്ഥാനാരോഹണ ചടങ്ങിൽ സംബന്ധിക്കാനിടയായി. മുഖ്യ പ്രഭാഷണവും സ്ഥാനാരോഹണവും കഴിഞ്ഞയുടൻ ക്ലബ്ബ് സെക്രട്ടറിയായ ഹൈന്ദവ സുഹൃത്ത് അടുത്ത് വന്ന് വിനീതമായ ഒരഭ്യർഥന നടത്തി: "പ്ലീസ് എക്സ്ക്യൂസ്മി, താങ്കൾ നേരത്തെ ഭക്ഷണം കഴിച്ചു പോകണം." തൊട്ടടുത്തിരിക്കുന്ന മുസ്‌ലിം സുഹൃത്തിനോടും സെക്രട്ടറി ഇതേ അഭ്യർഥന നടത്തി. കാരണമന്വേഷിച്ചപ്പോൾ മറയൊന്നുമില്ലാതെ സെക്രട്ടറി പറഞ്ഞു: "നിങ്ങളുടെ മതത്തിൽ പെട്ടവർ പറയാൻ ആവശ്യപ്പെട്ടതുകൊണ്ടാണ്, ക്ഷമിക്കണം. അവർക്ക് മദ്യവിരുന്നിൽ പങ്കെടുക്കണം. നിങ്ങൾ അറിയാൻ പാടില്ല."

ഇതിലേറെ ഞെട്ടലുണ്ടാക്കിയ മറ്റൊരു സംഭവം. ഹജ്ജിന് പോകുന്ന അറിയപ്പെട്ട ഒരു മുസ്‌ലിം സാമൂഹിക പ്രവർത്തകന് യാത്രയയപ്പ്. പ്രധാന വിഭവം മദ്യം തന്നെ. ഹജ്ജ് യാത്രയയപ്പ് യോഗത്തിൽ മദ്യം വിളമ്പുന്ന അശ്ലീലത്തെപ്പറ്റി ചോദിച്ചപ്പോൾ ഭാരവാഹികളിൽ പെട്ട ഒരു മുസ്‌ലിം സുഹൃത്തിന്റെ മറുപടി: "ആരെയും കുടിക്കാൻ നിർബന്ധിക്കുന്നില്ല. ആവശ്യമുള്ളവരെ തടയുകയുമില്ല."

കല്യാണ വീടുകളിൽ കല്യാണത്തിന്റെ തലേദിവസം മദ്യസൽക്കാരം സർവ സാധാരണമായിക്കൊണ്ടിരിക്കുന്നു. വീട്ടിൽ ആരെങ്കിലും തടസ്സം നിന്നാൽ തൊട്ടടുത്ത സുഹൃത്തിന്റെ വീട്ടിലായിരിക്കും മദ്യസൽക്കാരം. മദ്യം വീട്ടിൽ കൊണ്ടുവന്ന് കഴിക്കുന്നവരും കുറവല്ല. മലപ്പുറത്ത് മദ്യവ്യവസായം പരിപോഷിപ്പിക്കുന്നതിൽ മുസ്‌ലിം സഹോദരന്മാർ കാര്യമായി സഹകരിക്കുന്നുവെന്ന കാര്യം അബ്കാരി കോൺട്രാക്ടർമാർ പലപ്പോഴും നന്ദിയോടെയാണ് അനുസ്മരിക്കാറുള്ളത്.

മദ്യത്തിന്റെ നീരാളിപ്പിടുത്തത്തിൽനിന്ന് സമൂഹത്തെ മോചിപ്പിക്കാൻ വളരെ ആസൂത്രിതവും ഫലപ്രദവുമായ നടപടികൾ അടിയന്തരമായി തീർന്നിരിക്കുന്നു. സമുദായ നേതാക്കളും സംഘടനകളും പണ്ഡിതന്മാരും മഹല്ല് കമ്മിറ്റി ഭാരവാഹികളും ഈ രംഗത്ത് അവരുടെ ബാധ്യതകളെപ്പറ്റി കൂടുതൽ ബോധവാന്മാരും ജാഗരൂകരും ആകേണ്ടതുണ്ട്.

ഇതിനാവശ്യമായ കർമപരിപാടികൾക്ക് താമസംവിനാ രൂപം നൽകാൻ സമുദായം ശ്രദ്ധിക്കണം. സംഘടനാ നേതൃത്വവും മഹല്ല് കമ്മിറ്റികളുമാണ് മുന്നിൽ നിൽക്കേണ്ടത്. ഒന്നാമതായി, മുസ്‌ലികളുടേതായ കമ്മിറ്റികളിൽ മദ്യപാനികൾക്ക് സ്ഥാനം നൽകാതിരിക്കാൻ ആർജവം കാണിക്കണം. സ്ഥാനമാനങ്ങൾ കൊണ്ടോ രാഷ്ട്രീയമായോ സാമ്പത്തികമായോ എത്ര ഉന്നത സ്ഥാനീയരാണെങ്കിൽ പോലും ഏതു കമ്മിറ്റികളുടെയും ഭാരവാഹിത്വത്തിൽനിന്ന് അവരെ നീക്കം ചെയ്യേണ്ടതുണ്ട്. മദ്യപാനത്തിൽനിന്ന് അത്തരക്കാരെ പിന്തിരിപ്പിക്കാൻ മറ്റുള്ളവർ ശ്രമിക്കുകയും ആ ശ്രമം വിജയിക്കാതെ വന്നാൽ അവരെ ഭാരവാഹിത്വത്തിൽനിന്ന് ഒഴിവാക്കുകയുമാണ് വേണ്ടത്. ബോധവത്കരണമാണ് മറ്റൊന്ന്. ഒരുപക്ഷേ ഇതര സമുദായങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഏറ്റവുമധികം ബോധവത്കരണവും മതപരമായ ഉപദേശവും നടക്കുന്നത് മുസ്‌ലിംകളിലാണ്. പക്ഷേ, മദ്യപാനം പോലുള്ള തിന്മകൾ സമുദായത്തിൽ വർധിച്ചുവരുന്നു. ഉദ്ബോധനങ്ങളുടെയും മതപ്രസംഗങ്ങളുടെയും പോരായ്മയാണ് ഇവിടെ പ്രകടമാവുന്നത്. തികച്ചും മനശ്ശാസ്ത്രപരമായ ഒരു സമീപനം ഈ രംഗത്ത് ഉണ്ടാകേണ്ടതുണ്ട്.

മദ്യത്തിനടിമകളാണെങ്കിലും മതത്തെയും മതപണ്ഡിതരെയും ആദരിക്കുന്നവരാണ് ഒരു നല്ല വിഭാഗം. ഈ അനുകൂലാവസ്ഥ കഴിയുന്നത്ര ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ വമ്പിച്ച മാറ്റം ഉണ്ടാക്കാൻ കഴിയും.

വിദ്യാർഥികളും യുവതലമുറയും ലഹരിക്കടിപ്പെടുന്ന ഭയാനകമായ സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. ഈ രംഗത്ത് മാതാപിതാക്കളും കുടുംബാംഗങ്ങളും ശ്രദ്ധയോടെ പരിഹാര മാർഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്. മക്കളുടെ കൂട്ടുകാരെപ്പറ്റിയും സുഹൃദ്‌വലയത്തെപ്പറ്റിയും സൂക്ഷ്മമായ പഠനം നടത്തേണ്ടിയിരിക്കുന്നു. പല കൂട്ടുകെട്ടുകളുടെയും പ്രേരകം മദ്യമാണ്.

ഓരോ മഹല്ല് ഭരണസമിതിയും അവരുടെ മഹല്ല് പരിധിയിൽ മദ്യത്തിന്റെ ഉപയോഗം പൂർണമായും തടയാൻ പരിപാടികൾ ആസൂത്രണം ചെയ്താൽ ഗംഭീര മാറ്റം കൈവരുത്താൻ കഴിയും. മദ്യവിമുക്ത മഹല്ലിനെപ്പറ്റി വളരെ ഗൗരവത്തിലുള്ള ചർച്ചകളിലേക്കും നടപടികളിലേക്കും നാം വളരെ അടിയന്തര മായി തിരിയണം.

**പി.എ.എം അബ്ദുൽ ഖാദിർ**
**തിരൂർക്കാട്**

# കിനാലൂരിന് മുമ്പും ശേഷവും

**ഇതേവരെ** ജമാഅത്തെ ഇസ്‌ലാമിയോട് ചേർന്നുനിന്ന ഇടതു നേതാക്കൾക്ക് കിനാലൂരിന് ശേഷം അവർ വർഗീയവാദികളും തീവ്രവാദികളുമായത് സാമാന്യ ജനത്തിന് മനസ്സിലാകുന്നില്ല. ഇസ്‌ലാമിൽ രാഷ്ട്രീയമില്ലെന്നും മറ്റു മതസംഘടനകളെക്കൊണ്ട് ഒരു ശല്യവുമില്ലെന്നും മന്ത്രി കരീം ആണയിടു ന്നു. എന്നാൽ കുറച്ച് ദിവസങ്ങൾക്ക് മുമ്പ് ഇസ്‌ലാമിനെക്കുറിച്ച് പഠിച്ച ഒരു അമുസ്‌ലിം മന്ത്രി ഖുർ ആൻ സെമിനാറിൽ പറഞ്ഞത് ഇസ്‌ലാമിൽ രാഷ്ട്രീയമുണ്ടെന്നാണ്. നേതാക്കൾക്കും സംഘടനകൾക്കും തലച്ചോർ പണയം വെക്കാത്ത എല്ലാവർക്കും ഇതറിയാം.

സോളിഡാരിറ്റിക്കാർ എല്ലാറ്റിലും ഇടപെടുന്നു, ഇതിന് ആരാണ് ഇവർക്ക് അധികാരം കൊടുത്തത് എന്നാണ് അമർഷത്തോടെ ഉന്നത നേതാവ് ചോദിക്കുന്നത്. എന്താ സോളിഡാരിറ്റിക്കാർ ഇന്ത്യൻ പൗര ന്മാരല്ലേ? അവരുടെ സംഘടന നിരോധിത സംഘടനയാണോ? അതോ അഴിമതിക്കാരായ ഏതാനും പാർട്ടിക്കാർക്ക് മാത്രമേ എല്ലാറ്റിലും ഇടപെടാൻ അവകാശമുള്ളൂ എന്നാണോ? ഭരണത്തിന്റെ മധുരം നുകർന്ന് സമരമൊക്കെ മറന്ന് എ.സി മുറികളിൽ കഴിയുന്ന നേതാക്കളുടെയും ഭൗതിക ലാഭം മാത്രം കാംക്ഷിച്ച് സമരം ചെയ്തിരുന്ന ഡിഫിക്കാരുടെയും സ്ഥാനത്ത് മറ്റൊരു യുവജന സംഘടന ആത്മീയ നേട്ടം മാത്രം കാംക്ഷിച്ച് ജനപക്ഷത്ത് നിന്ന് ഇരകളോടൊപ്പം സമരം ചെയ്യുന്നത് ഇവർക്ക് സഹിക്കാൻ കഴിയുന്നില്ല. ഇങ്ങനെ പോയാൽ തങ്ങളുടെ സ്ഥാനം കുപ്പത്തൊട്ടിയിലായിരിക്കുമെന്ന് ഇവർക്ക് നന്നാ യറിയാം. ബംഗാൾ നൽകുന്ന പാഠവും അതാണല്ലോ.

ജമാഅത്ത് ചാനൽ തുടങ്ങാൻ പോകുന്നുവെന്ന് പറഞ്ഞ് മന്ത്രി കരീം സാർ വിലപിക്കുന്നത് കേട്ടു. ഇവർക്ക് ഇതിന് എവിടെ നിന്നാണ് ഇത്രമാത്രം പൈസ എന്നാണ് മന്ത്രി ചോദിക്കുന്നത്. അദ്ദേഹ ത്തിന്റെ ചോദ്യം ന്യായമാണ്. പാവം ജമാഅത്തുകാർക്ക് ലാവ്‌ലിൻ കമ്പനിയൊന്നും ഇല്ലല്ലോ കോടി കൾ നൽകാൻ. പക്ഷേ ജനങ്ങൾ വിശ്വസിക്കുന്ന ഒരു പറ്റം നേതാക്കളും അർപ്പണബോധമുള്ള അണി കളും ഉണ്ടെങ്കിൽ എത്ര പണം സ്വരൂപിക്കാനും തങ്ങൾക്ക് കഴിയുമെന്നതിന് തെളിവാണ്, സുനാമി ദുരിതാശ്വാസത്തിനും പ്രകൃതി ദുരന്തങ്ങളിലും ജനങ്ങൾ അവരെ വിശ്വസിച്ചേൽപിച്ച ദുരിതാശ്വാസ ഫണ്ട്. വിദേശപണം വിദേശ പണം എന്ന് വിലപിക്കുന്ന മന്ത്രിയുടെ നേതാവ്, എത്ര കോടിയാണ് ആഴ്ചകളോളം വിദേശങ്ങളിൽ താമസിച്ച് പിടിച്ചുപറിച്ചു കൊണ്ടുപോയത്. അത് വിദേശപണമല്ലേ? അ തോ അത് എ.കെ.ജി സെന്ററിനും കൈരളി ടവറിനും *ദേശാഭിമാനി*ക്കും നായനാർ ഫുട്ബോളിനും മാത്രമേ പാടുള്ളൂ എന്നാണോ? പറയുന്ന ഞാൻ ബുദ്ധിമാൻ കാണുന്നവരും കേൾക്കുന്നവരും പൊട്ട ന്മാർ എന്ന ചിന്ത സ്വന്തം അണികളുടെ കാര്യത്തിൽ ചിലപ്പോൾ ശരിയായേക്കാം.

എന്തായാലും മന്ത്രിക്ക് കിട്ടിയ അറിവ് ശരിയാണെങ്കിൽ അതിൽ സന്തോഷിക്കുന്ന ലക്ഷക്കണ ക്കായ ആളുകൾ കേരളത്തിലുണ്ട്. നഗ്നതയും ചൂതാട്ടവും അന്ധവിശ്വാസങ്ങളും വിറ്റ് കാശുണ്ടാക്കുന്ന ചാനലുകൾക്കിടയിൽ ധാർമിക മൂല്യങ്ങളും സത്യസന്ധതയും നിഷ്പക്ഷതയും പുലർത്തുന്ന ഒരു ചാനൽ ഒരു പറ്റം നല്ല മനുഷ്യർ തുടങ്ങിയാൽ അതിനെ കേരളത്തിലെ ജനം രണ്ടു കൈയും നീട്ടി സ്വീകരിക്കു മെന്ന കാര്യത്തിൽ സംശയമില്ല. അതിനു ഉദാഹരണമാണ് അച്ചടി മാധ്യമരംഗത്ത് കുറഞ്ഞ നാളുകൾക്കിട യിൽ സ്ഥാനമുറപ്പിച്ച *മാധ്യമ*വും *ഗൾഫ് മാധ്യമ*വും.

ജനങ്ങളെ നന്മയിലേക്ക് ക്ഷണിക്കുകയും തീവ്രവാദചിന്തയിൽനിന്ന് യുവാക്കളെ പിന്തിരിപ്പിക്കു കയും ജാതിമത ഭേദമന്യേ ജനസേവന പ്രവർത്തനങ്ങളും ജീവകാരുണ്യ പ്രവർത്തനങ്ങളും നടത്തുകയും ചെയ്യുന്ന ഒരു ചെറുസംഘത്തെ ഭരണ പ്രതിപക്ഷ ഭേദമന്യേ ഇത്രയും കിരാതമായി ആക്രമിക്കാനുള്ള കാരണം സാമാന്യ ജനത്തിന് മനസ്സിലായില്ലെങ്കിലും സമകാലീന സംഭവങ്ങൾ നിരീക്ഷിക്കുന്നവർക്ക് എളുപ്പം പിടികിട്ടും. അഴിമതിക്കാരനും അധർമിയും തമ്മിൽ മത്സരിക്കുന്ന പഞ്ചായത്ത് മുൻസിപ്പൽ തെരഞ്ഞെടുപ്പിൽ ജാതിമത ഭേദമന്യേ താരതമ്യേന നല്ല വ്യക്തിത്വങ്ങളെ തെരഞ്ഞെടുപിടിച്ച് മത്സരിപ്പി ക്കാനുള്ള ജമാഅത്ത്-സോളിഡാരിറ്റി തീരുമാനമാണ് ഇരുപക്ഷത്തെയും വിറളി പിടിപ്പിച്ചിരിക്കുന്നത്. ഇതിന് അവരും ഫാഷിസ്റ്റുകളും കൂടി കണ്ടുപിടിച്ച വിദ്യയാണ്, ആടിനെ പേപ്പട്ടിയാക്കി തല്ലിക്കൊല്ലു കയെന്ന സാമ്രാജ്യത്വ തന്ത്രം. നേതാക്കൾ പറയുന്ന കള്ളങ്ങൾ അപ്പടി വിഴുങ്ങുന്ന അണികൾ ഈ തന്ത്രത്തിൽ വീഴുമെങ്കിലും ജമാഅത്തിന്റെയും പോഷക സംഘടനകളുടെയും യഥാർഥ മുഖം കണ്ടി ട്ടുള്ള ആളുകൾ ഈ ആരോപണത്തിന് മറുപടി നൽകും. സത്യം എന്നായാലും വിജയിച്ച ചരിത്രമേയു

ള്ളൂ.

മതത്തിൽ ബലപ്രയോഗമില്ലെന്നും മർദകനെതിരെ മർദിതർക്കൊപ്പം നിൽക്കണമെന്നും ദൈവത്തിന്റെ സൃഷ്ടികൾ എല്ലാവരും തുല്യരാണെന്നും പരിസ്ഥിതിയെ സംരക്ഷിക്കണമെന്നും മാതാപിതാക്കളോടും കുട്ടികളോടും കാരുണ്യം കാണിക്കണമെന്നും ഒരു നിരപരാധിയെ വധിക്കുന്നത് മുഴുവൻ മനുഷ്യരെയും വധിക്കുന്നതിന് തുല്യമാണെന്നും നന്മകൊണ്ട് തിന്മയെ തടയണമെന്നും അയൽക്കാർ പട്ടിണി കിടക്കുമ്പോൾ അവരെ പരിഗണിക്കാതെ ഭക്ഷിക്കരുതെന്നും വഴിയിലെ മുള്ളും മാലിന്യവും നീക്കുന്നത് പുണ്യമാണെന്നും അണികളെ പഠിപ്പിക്കുകയും ഒരു മാതൃകാ സമൂഹത്തെ വാർത്തെടുക്കാൻ അധ്വാനിക്കുകയും ചെയ്യുന്ന ഒരു പ്രസ്ഥാനത്തെ കല്ലെറിയാൻ ഒരുമിക്കുന്നവർ സ്വന്തം വാദമുഖങ്ങൾ വിജയിക്കാൻ ഇസ്‌ലാമിനെ തള്ളിപ്പറയേണ്ട ഗതികേടിലാണ്. ഡോ. എം.കെ മുനീറിന്റെ അഭിമുഖം നൽകുന്ന പാഠം അതാണ്. ഇവർ ഈ പാപത്തിന് നാളെ ദൈവത്തോട് എന്ത് സമാധാനം പറയുമെന്ന് ഒരു നിമിഷം ചിന്തിച്ചിരുന്നുവെങ്കിൽ!

**കെ.എം ബഷീർ അൽനുസ്ഹ, ബഹ്റൈൻ**

# മണൽ മാഫിയയുടെ ഇരകൾ

**അന്തിയുറങ്ങാൻ** ഒരു വീടും അതിനാവശ്യമായ മണലും സ്വപ്നം കാണുന്നവരാണ് കേരളത്തിലെ വലിയൊരു വിഭാഗം സാധാരണക്കാരും. പെർമിഷനു വേണ്ടി നികുതിയടച്ച് പ്ലാനും മറ്റു അനുബന്ധങ്ങളും സമർപ്പിക്കുന്നതോടെ തുടങ്ങുകയായി അവന്റെ കഷ്ടകാലം. പ്ലാൻ പാസായി കിട്ടണമെങ്കിൽ കൈക്കൂലിയും കയറിയിറക്കവും കാത്തിരിപ്പും ഒക്കെ ഒത്തിരി സഹിക്കേണ്ടിവരും. ഓഫീസ് പീഡനങ്ങൾക്കു പുറമെ കെട്ടിട നിർമാണ മേഖലയിൽനിന്നും ധാരാളം പ്രയാസങ്ങൾ അനുഭവിക്കേണ്ടിവരുന്നു. അത്തരം അനുഭവങ്ങളിലൊന്നാണ് ഇവിടെ കുറിക്കുന്നത്.

മാസങ്ങൾക്ക് മുമ്പ്, മണലിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് സർക്കാറിന്റെ അറിയിപ്പ് കണ്ടു. ആവശ്യപ്പെട്ട രേഖകൾ സഹിതം ഏഴ് ലോഡ് മണലിന് അപേക്ഷ കൊടുത്തു. ദീർഘമായ കാത്തിരിപ്പുകൾക്കിടയിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കലും പണം അടക്കലും പാസ് ലഭിക്കലുമൊക്കെ നടന്നു. മണൽ കിട്ടേണ്ട ദിവസം, വാടകക്കെടുത്ത ലോറിയുമായി ഭാരതപുഴയോര കടവുകളിൽ ഒന്നായ ശ്മശാന കടവിലെത്തി. നേരത്തെ എത്തിയവർ ക്യൂ നിൽക്കുന്ന ഓല ഷെഡിലേക്ക് നടന്നു. അവിടെ കണ്ടത് കുറെ ചുമട്ടുതൊഴിലാളികളെയാണ്. അവർ എന്റെ പാസ് വാങ്ങി. ഒരു നോട്ടുബുക്കിൽ എന്തോ കുത്തിവരച്ചു. ഒരു തൊഴിലാളിയെ എന്റെ കൂടെ പറഞ്ഞുവിട്ടു. അയാൾ ആദ്യം ചോദിച്ചത് പൈസയില്ലേ കൈയിൽ എന്നാണ്. ഉണ്ടെന്ന് തലയാട്ടിയപ്പോൾ ആ പോകാം എന്നു പറഞ്ഞു. ഒരു വലിയ മണൽ പോക്കറ്റിലേക്ക് വണ്ടി കയറ്റി നിർത്താൻ അയാൾ ഡ്രൈവറോട് ആവശ്യപ്പെട്ടു. പത്ത് പേർ അടങ്ങുന്ന ഒരു തൊഴിലാളി സംഘം അവിടെ കാത്തുനിൽക്കുന്നുണ്ടായിരുന്നു. സംഘത്തിലെ നേതാവ് ചോദിച്ചു: "നാലോ മൂന്നോ വേണ്ടത്." മറ്റൊരാൾ പറഞ്ഞു: "നമുക്ക് തുടങ്ങാം, ഇത് നാല് തന്നെ. ആളെ കണ്ടാൽ അറിയില്ലേ." എനിക്ക് ഒന്നും മനസ്സിലായില്ല. മൂവായിരത്തിനാണോ നാലായിരത്തിനാണോ മണൽ കയറ്റേണ്ടത്, ഒരാൾ വ്യക്തമായി ചോദിച്ചു. കളക്ടർക്ക് ഡി.ഡി എടുത്ത് കൊടുത്തിട്ടാണ് എനിക്ക് പാസ് ലഭിച്ചത്. പിന്നെന്തിനാ നിങ്ങൾക്ക് പണം? ഇതെന്ത് ന്യായം? ഞാൻ ചോദിച്ചു. ചിരിച്ചുകൊണ്ട് അയാൾ പറഞ്ഞു: "ന്യായവും നിയമവും ഒന്നും ഇവിടെ പറയണ്ട. ചോദിക്കുന്നത് തന്നിട്ടും ആളുകൾ മണൽ കൊണ്ടുപോകുന്നുണ്ട്." സർക്കാർ അനുവദിച്ച എട്ട് ടൺ മണൽ മതി എനിക്ക്. അതിന് നിങ്ങൾക്ക് തരേണ്ട കയറ്റുകൂലി അടക്കമാണ് ഞാൻ പണമടച്ചത് എന്ന് പറഞ്ഞപ്പോൾ നേതാവ് പറഞ്ഞു: "അങ്ങനെ ഒരളവിലും കൂലിയിലും കയറ്റുന്ന പതിവ് ഇവിടെയില്ല." സംഗതി പ്രശ്നമാകുമെന്ന് തോന്നിയതുകൊണ്ടാവും ഡ്രൈവറും ക്ലീനറും ഇടപെട്ടു. തർക്കങ്ങൾക്കും സ്വകാര്യ ചർച്ചകൾക്കുമൊടുവിൽ മറ്റൊരാൾ വന്ന് മധ്യസ്ഥം പറഞ്ഞു: "ഒരു രണ്ടായിരത്തി അഞ്ഞൂറ് രൂപക്ക് ഉറപ്പിക്കാം."

തർക്കം തുടർന്നു. ഡ്രൈവർക്കെന്തോ പേടി പോലെ. അയാൾ സ്വകാര്യം പറഞ്ഞു: "എന്തെങ്കിലും കൊടുത്ത് അവസാനിപ്പിക്കണം സാറെ, ഈ പുഴയിൽ വണ്ടി താന്നാൽ ഇവർ ആരും തിരിഞ്ഞുനോക്കില്ല." അയാൾ അപേക്ഷിച്ചു. ഒപ്പം ആയിരത്തി അഞ്ഞൂറിന് ഉറപ്പിക്കുകയും ചെയ്തു. എന്നാൽ നേതാവ് ആകട്ടെ ആയിരത്തി എഴുന്നൂറ്റി അമ്പതിനാണ് സമ്മതിച്ചത്. പിന്നെ ഒരു നൂറ് രൂപ വേറെയും. അതെന്താണെന്ന് തിരിക്കിയപ്പോഴാണ് അറിയുന്നത് അത് വഴിപ്പണമാണെന്ന്. വഴിപ്പണമോ! എന്ത് വഴിപ്പണം? അമ്പലത്തിലേക്കുള്ള വഴിയാണത്രെ അത്.

മണൽ മാഫിയയുടെ പിടിച്ചുപറിക്ക് വിധേയരായ പലരെയും അവിടെ കാണാൻ സാധിച്ചു. ഒരാൾ വേദനയോടെ പറഞ്ഞു: "എന്റെ കൊച്ചിന്റെ കാതിൽ കിടക്കുന്ന കമ്മൽ വരെ ഊരി വിറ്റിട്ടാണ് ഞാനീ ഈ മണലിന് പൈസ ഒപ്പിച്ചത്." ഇനി നാട്ടിലെത്തിയാൽ വണ്ടി വാടകക്ക് വേറെ കടം വാങ്ങിക്കണം. നശിച്ചുപോകും അവർ. അയാൾ ശപിച്ചുകൊണ്ടിരുന്നു.....

**റഷീദ് പാവറട്ടി**